"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല – കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ശ്രീ. മുഹമ്മദ് ഹസീബ് ടി.എസ്.നെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയും സേവനത്തിൽ നിന്നും വിരമിച്ച കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.എസ്. രവിയ്ക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തും ഉത്തരവ് പുറപ്പെടുവിക്കുന്നു. –

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.857/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/05/2020**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25.06.2016-ലെ ഇ5(എസ് സി 10/16/കെടിഎം) 18060/16 നമ്പർ റിപ്പോർട്ട്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 20.07.2016-ലെ 7255/ഡി3/2016/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 01.12.2016-ലെ 193/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. മുഹമ്മദ് ഹസീബ് റ്റി.എസ്., ശ്രീ. എം.എസ്. രവി എന്നിവർ യഥാക്രമം 01.02.2017, 14.02.2017 തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 12.09.2018-ലെ PAN/21529/2018/-D5(DP) നമ്പർ കത്ത്

6 പഞ്ചായത്ത് ഡയറക്ടറുടെ 17.05.2019-ലെ PAN/21529/2018/-D5(DP) നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ പഞ്ചായത്ത് അധികൃതരുടേയും ഹൈവേ വിഭാഗം ഉദ്യോഗസ്ഥരുടേയും ഒത്താശയോടെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണ പ്രവർത്തനം നടക്കുന്നുവെന്ന പരാതിയെത്തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് മതിയായ അന്വേഷണം നടത്താതെ കെട്ടിട നമ്പർ അനുവദിച്ച സെക്രട്ടറി ശ്രീ. എം.എസ്. രവിക്കെതിരെയും, അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കുന്നതിനായി മേലധികാരികളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ റിപ്പോർട്ട് നൽകിയ ക്ലാർക്ക് ശ്രീ. മുഹമ്മദ് ഹസീബിനുമെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. എം.എസ്. രവി, ക്ലാർക്ക് ശ്രീ. മുഹമ്മദ് ഹസീബ് എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. എം.എസ്. രവി, ശ്രീ. മുഹമ്മദ് ഹസീബ് എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. കെ.പി.ബി.ആർ. ന് വിരുദ്ധമായി ദേശീയ പാതയോരത്ത് സർവ്വേ 136/34, 136/35 നമ്പരുകളിൽ കാഞ്ഞിരപ്പള്ളി താലൂക്ക്, കാഞ്ഞിരപ്പള്ളി വില്ലേജിലുള്ള സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും VIII/538 A, 538 B, 538 C, 538 D എന്നീ കെട്ടിട നമ്പർ നൽകിയിട്ടുണ്ടെന്നും ടി കെട്ടിടം റോഡിൽ നിന്നും 3 മീറ്റർ ദൂരപരിധി പാലിച്ചിട്ടില്ല എന്നും, നിയമവിരുദ്ധമായാണ് ഷെയ്ഡ് നിർമ്മിച്ചിരിക്കുന്നതെന്നും കാണിച്ച് വിജിലൻസ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ കാഞ്ഞിരപ്പള്ളി സെക്രട്ടറിയായിരുന്ന ശ്രീ. എം.എസ്. രവി, ക്ലാർക്ക് ശ്രീ. മുഹമ്മദ് ഹസീബ് റ്റി.എസ്. എന്നിവർക്ക്

കറ്റപത്രം നൽകിയതെന്നും കെ. പി.ബി.ആർ. ചട്ടങ്ങൾ പാലിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ പണിത കെട്ടിടത്തിന് നമ്പർ നൽകുമ്പോൾ സങ്കീർണ്ണമായവയുടെ കാര്യത്തിൽ മാത്രമേ സാങ്കേതിക വിഭാഗത്തിന്റെ സഹായം തേടാറുള്ളൂവെന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നതെന്നും ഈ കേസിൽ പഞ്ചായത്തിലെ ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നമ്പർ നൽകിയിരിക്കുന്നതെന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നതെന്നും എന്നാൽ ഉത്തരവാദിത്തപ്പെട്ട കർത്തവ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പഞ്ചായത്തിൽ നിന്നും നൽകിയ പെർമിറ്റിന്റേയും കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റേയും ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലാണ് നമ്പർ നൽകിയതെന്ന സെക്രട്ടറിയുടെ വാദം അംഗീകരിക്കാവുന്നതല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെ.പി.ബി.ആർ.ന് വിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകാവുന്നതാണെന്ന റിപ്പോർട്ട് നൽകി സെക്ഷൻ ക്ലാർക്ക് ശ്രീ. മുഹമ്മദ് ഹസീബ് റ്റി. എസ്. കൃത്യവിലോപം കാണിച്ചുവെന്ന കുറ്റാരോപണത്തിന് മറുപടിയായി, കെട്ടിടത്തിന്റെ നമ്പർ നൽകുന്ന സമയത്ത് ഉടമ കാണിച്ചുതന്ന അതിരിൽ നിന്നും അളന്നപ്പോൾ 3 മീറ്റർ ദൂരപരിധി ഉണ്ടായിരുന്നുവെന്നും, നമ്പർ ലഭിച്ചതിനു ശേഷം ഷെയ്ഡ് നീട്ടിപ്പിടിച്ചതാണെന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഉടമ കാണിച്ചുകൊടുക്കുന്ന അതിര് കണ്ട് റിപ്പോർട്ട് നൽകുന്നതിനു പകരം, നിയമപരമായി അതിർത്തി ബോദ്ധ്യപ്പെട്ടാണ് ഫീൽഡ്തല ഉദ്യോഗസ്ഥൻ പ്രവർത്തിക്കേണ്ടതെന്നും, അഥവാ ആയത് സംബന്ധിച്ച് സംശയമുണ്ടെങ്കിൽ, സാങ്കേതിക വിഭാഗത്തിന്റേയോ റവന്യൂ അധികാരികളുടേയോ സഹായം കെട്ടിട നമ്പർ നൽകുന്നതിന് മുമ്പുതന്നെ തേടാവുന്നതായിരുന്നുവെന്നും ആയതിനാൽ കുറ്റാരോപണപത്രികയിന്മേൽ സെക്ഷൻ ക്ലാർക്കായ ശ്രീ. മുഹമ്മദ് ഹസീബ് നൽകിയ മറുപടി അംഗീകരിക്കത്തക്കതല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം.എസ്.രവി, ശ്രീ. മുഹമ്മദ് ഹസീബ് റ്റി.എസ് എന്നിവർക്കെതിരായ കുറ്റാരോപണം നിലനിൽക്കുന്നതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. എം.എസ്. രവി 31.12.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കെ.പി.ബി.ആർ.ന് വിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകാവുന്നതാണെന്ന റിപ്പോർട്ട് നൽകിയ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ശ്രീ. മുഹമ്മദ് ഹസീബ് ടി.എസ്.ന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയും, മുൻ സെക്രട്ടറി ശ്രീ. എം.എസ്. രവി 31.12.2018-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. മുഹമ്മദ് ഹസീബ് റ്റി.എസ്., മുൻ ക്ലാർക്ക്, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീ. എം.എസ്. രവി, മുൻ സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

8. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി-ഡി3/868/2018-വിജി.

തീയതി 26.12.2018 പ്രകാരം)

9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/193/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ